പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2255 | 08.07.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

**അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഇ. പി. ജയരാജൻ | | ശ്രീ. വി. എസ്. ശിവകമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് മുഖേന ആകെ എത്ര അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്തുള്ളത് ; | എ) | ആകെ 43 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. |
| ബി) | ഇതിൽഓരോ ജില്ലയിലും എത്ര ആംബുലൻസ് സർവ്വീസുകൾ പ്രവർത്തിക്കുന്നുണ്ട് ; | ബി) | തിരുവനന്തപുരം ജില്ലയിൽ 25 ഉം ആലപ്പുഴ ജില്ലയിൽ 18 ഉം അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| സി) | ഓരോജില്ലയിലും എത്ര ആംബുലൻസുകളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളത് ; | സി) | 10.06.2015 ൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന 25 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളിൽ 21 ആംബുലൻസുകൾ പ്രവർത്തനക്ഷമമാണ് 4 എണ്ണം വാർഷിക ഫിറ്റ്നസ് ടെസ്റ്റിനു വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിൽ ആണ്. ആലപ്പുഴ ജില്ലയിൽ 11 ആംബുലൻസുകൾ പ്രവർത്തനക്ഷമവും, 6 ആംബുലൻസുകൾ വാർഷിക ഫിറ്റ്നസ് ടെസ്റ്റിനു വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിലും ആണ്.ഒരു ആംബുലൻസ് മറ്റു കാരണങ്ങളാൽ പ്രവർത്തനസജ്ജമല്ല. |

| | | | |
|---|---|---|---|
| ഡി) | പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ പ്രവർത്തന സജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | ഡി) | തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ നിയമപരമായുള്ള വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ വേണ്ടി പെയിന്റിംഗ്, സ്റ്റിക്കറിംഗ് മുതലായ പ്രവർത്തനങ്ങൾക്കായി വർക്ക്ഷോപ്പിലാണ്. പ്രസ്തുത പണികൾ കഴിയുന്ന മുറയ്ക്ക് ഈ വാഹനങ്ങൾ ആതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഹാജരാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭിച്ച ശേഷം പ്രവർത്തന സജ്ജമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ